**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2161

18.03.2015-ലെ മറുപടിയ്ക്ക്

## ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ത്രിവേണി, നീതി, നന്മ സ്റ്റോറുകൾ പുതുതായി ആരംഭിച്ചു; അവയിൽ എത്ര എണ്ണം അടച്ചുപൂട്ടി ; വിശദവിവരം നൽകുമോ ; | (എ) ആലപ്പുഴ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9 ത്രിവേണി സ്റ്റോറുകളും 8 മൊബൈൽ ത്രിവേണി സ്റ്റോറുകളും 135 നന്മ സ്റ്റോറുകളും കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ നാല് നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചവയിൽ കാഞ്ഞിരത്തിൻമൂട് (വള്ളികുന്നം) ത്രിവേണി സ്റ്റോറിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള എല്ലാ സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) അടച്ചുപൂട്ടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; | (ബി) കൺസ്യൂമർഫെഡിന് ഫണ്ടിന്റെ അപര്യാപ്തത മൂലം സാധനങ്ങൾ യഥാസമയം ആവശ്യാനുസരണം എത്തിക്കുവാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുകയും ഇത് ത്രിവേണി സ്റ്റോറിന്റെ വ്യാപാരത്തെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | | | ബാധിക്കുകയും ചെയ്തതിനാലാണ് സ്റ്റോർ നിർത്തലാക്കേണ്ടി വന്നത്. |
| (സി) | ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തതാണ് ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നഷ്ടത്തിൽ പ്രവർത്തിക്കാൻ കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ